# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 332 　　　　25/06/2018 – ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളെയും ഡിസ്പെൻസറികളെയും കാലഘട്ടത്തിന് അനുസൃതമായി മാറ്റുന്നതിനും തൊഴിലാളികൾക്ക് മികവുറ്റ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രികൾ നേരിടുന്ന പരാധീനതകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി 2016 ൽ നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | 14.12.2016 ലെ സ.ഉ.(സാധാ)നം. 1539/2016/തൊഴിൽ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളുടെയും, ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കമ്മിറ്റി ശുപാർശകളും സ്വീകരിച്ച നടപടികളും സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ. ആശുപത്രികളിൽ അനുവദിച്ച കീമോതെറാപ്പി യൂണിറ്റ് | (സി) | ഫറോക്ക്, പേരൂർക്കട എന്നീ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 49,99,964/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | | ആയത് 3 മാസത്തിനകം പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്. |
| (ഡി) | ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ഡി) | ഇ.എസ്.ഐ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി അനുവദിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 2017-2018 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തോട്ടട ഇ.എസ്.ഐ ആശുപത്രിയിൽ ഓങ്കോളജി, കാർഡിയോളജി, നെഫ്രോളജി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്ന വിഷയവും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന വിഷയവും പരിശോധിച്ചു വരുന്നു. പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | (ഇ) | സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇ.എസ്.ഐ കോർപ്പറേഷന്റെ പരിധിയിലാണ്. ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ ക്യാഷ് ലെസ് സേവനമായി നൽകുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് 50 സ്വകാര്യ/ പൊതുമേഖലാ ആശുപത്രികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പണം നൽകാതെ കാൻസർ ചികിത്സ ലഭ്യമാക്കാനായി മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നീ ആശുപത്രികളുമായും ഇ.എസ്.ഐ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2016 ൽ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശകളും സ്വീകരിച്ച നടപടികളും

| ക്രമ നം. | ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ് | സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നുണ്ട്. മേജർ ഡിസ്പെൻസറികൾക്കായി 40 ഇ.സി.ജി മെഷീനുകളും മറ്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കാനായി ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിക്കഴിഞ്ഞു. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിലും തിരക്കേറിയ 50 ഇ.എസ്.ഐ ഡിസ്പെൻസറികളിലും ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും, ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. കാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്നു വാങ്ങി വിതരണം ചെയ്യുന്നു. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്തു ജില്ലകളിലായി 14 നോൺ |

| | | |
|---|---|---|
| | | കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| 2 | ഇ.എസ്.ഐ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കേണ്ടതാണ് | ആശുപത്രികളിൽ ഒഴിവുണ്ടായിരുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകളിൽ സ്പെഷ്യലിസ്റ്റുകളെയും പാർട്ട് ടൈം സ്പെഷ്യലിസ്റ്റുകളേയും നിയമിച്ചിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന മറ്റ് തസ്തികകളെല്ലാം പി.എസ്.സി/താൽകാലിക നിയമനം മുഖേന നികത്തിയിട്ടുണ്ട്. ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി പൂർത്തിയാക്കിയ ഡോക്ടർമാരെ ഇ.എസ്.ഐ ആശുപത്രികളിൽ നിയമിച്ചു വരുന്നുണ്ട്. |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഡിസ്പെൻസറികളുടേയും അറ്റകുറ്റപ്പണികളും സ്പെഷ്യൽ റിപ്പയറും അടിയന്തിരമായി നടത്തേണ്ടതാണ്. | ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കി ഇ.എസ്.ഐ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി വരുന്നുണ്ട്. |
| 4 | നോൺ സപ്ലൈ ആയ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പോലെ സർക്കാർ ഏജൻസികൾ വഴിയും ലഭിക്കുവാനുള്ള അനുവാദവും പകർച്ചവ്യാധികൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ അടിയന്തിരമായി മരുന്ന് വാങ്ങുന്നതിനുള്ള അനുമതിയും നൽകേണ്ടതാണ് | ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അവശ്യമരുന്നുകൾ, ഐ.വി ഫ്ലൂയിഡുകൾ, ശുചീകരണ ലായനികൾ തുടങ്ങിയവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| 5 | ലാബ് സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ് | ഡിസ്പെൻസറികളിൽ വരുന്ന ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള ലാബ് സംവിധാനം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെടുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇ.എസ്.ഐ ആശുപത്രികളിൽ ഉച്ചക്കുശേഷം രോഗികൾക്ക് C.G.H.S നിരക്കിൽ ലാബ് പരിശോധന ലഭിക്കുന്നതിന് സ്വകാര്യ |

| | | |
|---|---|---|
| | | ലാബുകളെ എംപാനൽ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ലാബ് അപ്ഗ്രഡേഷന്റെ ഭാഗമായി നാല് ആശുപത്രികളിൽ Fully Automatic Analyser-ഉം രണ്ട് ആശുപത്രികളിൽ Haematology Analysor-ഉം സ്ഥാപിച്ചിട്ടുണ്ട്. |
| 6 | പുതിയ ആയുർവേദ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. | എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ-1 ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ആയുർവേദ യൂണിറ്റ് ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 2017-2018 ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ആലപ്പുഴ, ഫെറോക്ക്, പാലക്കാട് എന്നീ ഇ.എസ്.ഐ ആശുപത്രികളിൽ ആയുർവേദ യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 7 | മലപ്പുറം ജില്ലയിൽ ആയുർവ്വേദ, ഹോമിയോ വിഭാഗവും പാലക്കാട് ജില്ലയിൽ ഹോമിയോ യൂണിറ്റുകളും ആരംഭിക്കണം | കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഹോമിയോ യൂണിറ്റ് ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നുണ്ട്. |
| 8 | പരിതാപകരമായ അവസ്ഥയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾക്ക് പുതിയ കെട്ടിടങ്ങൾ കണ്ടെത്തണം | മോശമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| 9 | ആശുപത്രികളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനത്തിനുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പാസ്സാക്കിയ എസ്റ്റിമേറ്റുകൾക്കുള്ള ഫണ്ട് കൃത്യമായി കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കേണ്ടതുണ്ട്. | സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പാസാക്കുന്ന പ്രവർത്തികൾക്കുള്ള ഫണ്ട് ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| 10 | ആശുപത്രികളിൽ ഐ.പി മാനേജർ/ഐ.റ്റി അസിസ്റ്റന്റിനെ പോസ്റ്റ് ചെയ്യുവാൻ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ തലത്തിൽ നടപടി സ്വീകരിക്കണം | ഇക്കാര്യം പരിശോധിച്ച് വരുന്നുണ്ട്. |
| 11 | സൂപ്പർ സ്പെഷ്യാലിറ്റി ഒ.പികൾ തുടങ്ങുവാനുള്ള നടപടികൾ കോർപ്പറേഷൻ തലത്തിൽ നടത്തേണ്ടതാണ്. | ഇ.എസ്.ഐ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി ആരംഭിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 2017-2018 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി |

| | | |
|---|---|---|
| | | ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 12 | എറണാകുളം ആശുപത്രിയുടെ ബെഡ് ഒക്യുപെൻസി ഉയർത്തേണ്ടതാണ് | എറണാകുളം ഇ.എസ്.ഐ ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| 13 | ഇ.എസ്.ഐ സ്ഥാപനങ്ങളിലെ പരാതി പരിഹാര സെൽ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. | ഇ.എസ്.ഐ ആശുപത്രികളിലെ പരാതി പരിഹാര സെൽ 08.03.2018 ലെ സ.ഉ(സാധാ)നം. 256/18/തൊഴിൽ പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| 14 | അടിയന്തിരഘട്ടങ്ങളിലേക്കാവശ്യമായ Imprest Money താഴെപ്പറയുന്ന രീതിയിൽ ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കണം. Impresst Money ₹ 25,000/- hospitals at a time maximum 3 lakhs/year<br>Dispensaries with own building ₹ 15,000/- at a time 1.5 lakhs/year | അടിയന്തിര സാഹചര്യത്തിൽ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട്മാർക്ക് 20,000/- രൂപ ഇംപ്രസ്റ്റ് മണിയായി അനുവദിക്കുവാൻ റീജിയണൽ ബോർഡ് യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. |
| 15 | ചക്കോരത്തുകുളത്ത് പ്രവർത്തിക്കുന്ന സബ്സ്റ്റോർ അടിയന്തിരമായി വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടതുണ്ട് ഒപ്പം ചാലപ്പുറത്തുള്ള റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സബ്സ്റ്റോർ, ചാലപ്പുറം ഇ.എസ്.ഐ ഡിസ്പെൻസറി എന്നിവ ഉൾപ്പെടുത്തി ഒരു പുതിയ കെട്ടിട സമുച്ചയവും നിർമ്മിക്കേണ്ടതാണ് . | ചക്കോരത്തുകുളത്ത് പ്രവർത്തിക്കുന്ന സബ്സ്റ്റോർ വാടകക്കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ചാലപ്പുറം ഇ.എസ്.ഐ ഡിസ്പെൻസറി, സബ്സ്റ്റോർ എന്നിവയ്ക്കായി ഒരു കെട്ടിടസമുച്ചയം പണിയുന്നതിന് ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. |
| 16 | മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സബ്സ്റ്റോർ, എറണാകുളം ഇ.എസ്.ഐ ആശുപത്രി എന്നിവയ്ക്ക് പുതിയ കെട്ടിട സമുച്ചയം എറണാകുളം ഇ.എസ്.ഐ ആശുപത്രി കോമ്പൗണ്ടിൽ നിർമ്മിക്കേണ്ടതാണ് | നടപടി സ്വീകരിച്ചുവരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**